LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : പൊതുവേ സ്വാഗതം ചെയ്യപ്പെട്ട ഒരു സ്കീമാണ് ഈ ഗ്രേഡിംഗ് സിസ്റ്റം. പക്ഷേ ഡി.പി.ഇ.പി. നടപ്പിലാക്കിയ കാലഘട്ടത്തിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ളാസ്സുകളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കി. ആ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കിയപ്പോൾ ചില പോരായ്മകൾ ഉണ്ടായതായി അറിഞ്ഞു. അതിനു ബദലായിട്ടാണ് റിട്ടൺ ടെസ്റ്റ്. ഗ്രേഡിംഗ് സിസ്റ്റം നടപ്പാക്കുമ്പോൾ ഇത് പൊതുവായി ക്ളാസ് റൂമിലാണോ പരീക്ഷ നടത്തുന്നത്, അതോ ടീച്ചർ നേരിട്ട് കുട്ടിയെ വിളിച്ച് ഇന്റർവ്യൂ നടത്തുന്ന സിസ്റ്റമാണോ നടപ്പാക്കപ്പെടുന്നത് എന്ന് അറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. നാലകത്ത് സൂപ്പി: ടീച്ചർ ഒരു കുട്ടിയുടെ ബഹുമുഖമായ കഴിവുകൾ വിലയിരുത്തുന്നു. അതുപോലെ അക്കാദമിക് കഴിവുകൾ കണ്ട് ആ കുട്ടിയുടെ ഗ്രേഡിംഗ് വിലയിരുത്തപ്പെടുന്നു. ഡി.പി.ഇ.പി. നടന്ന കാലഘട്ടത്തിൽ ഒരുപാട് ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. ആ ആക്ഷേപങ്ങളൊക്കെ ഒഴിവാക്കിയിട്ടുണ്ട്.

വിസ തട്ടിപ്പ് തടയാൻ നടപടി

*3 [122] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ തട്ടിപ്പുകേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിസതട്ടിപ്പ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കാനും റിക്രൂട്ട്മെന്റുകൾ സർക്കാർ അറിഞ്ഞു നടത്താനും ഉതകുന്ന തരത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) തൊഴിൽരഹിതരായ യുവാക്കളെ തട്ടിപ്പിനിരയാക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഉണ്ട്.

(ബി) (1) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനുവേണ്ടി സ്റ്റേറ്റ്തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നോർക്കാ വകുപ്പുമന്ത്രി ചെയർമാനും നോർക്കാ വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ലേബർ കമ്മീഷണർ, ഡയറക്ടർ ഓഫ് പബ്ലിക്

റിലേഷൻസ്, ദൂരദർശൻ ഡയറക്ടർ, എ.ഐ.ആർ. ഡയറക്ടർ, ഏഷ്യാനെറ്റിന്റെ പ്രതിനിധി, പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ് (കൊച്ചി, തിരുവനന്തപുരം) ഡയറക്ടർ, കേരള വനിതാ കമ്മീഷൻ, സി.ഇ.ഒ., റൂട്ട്സ് എന്നിവർ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുമാണ്. ഈ കമ്മിറ്റി പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കി സർക്കാരിലേക്ക് ശുപാർശകൾ നടത്തുന്നുണ്ട്.

(2) ഇതു കൂടാതെ ഡി.ഐ.ജി. ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ), സി.ഇ.ഒ., റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ് തിരുവനന്തപുരം തുടങ്ങി എട്ടു പേരടങ്ങുന്ന ഒരു കോർ ഗ്രൂപ്പ് വിസ തട്ടിപ്പിനെതിരെ ബോധവത്കരണം നടത്താൻ വേണ്ട മീഡിയ പ്ലാൻ തയ്യാറാക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. ഈ മീഡിയ പ്ലാൻ അനുസരിച്ച് പ്രചരണം സംഘടിപ്പിക്കുന്നതിന് ഡി.പി.ആർ., എ.ഐ.ആർ., ഏഷ്യാനെറ്റ് ദൂരദർശൻ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു പബ്ലിസിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(3) 1983-ലെ എമിഗ്രേഷൻ ചട്ടത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് ജസ്റ്റിസ് സുകുമാരൻ ചെയർമാനായും നോർക്കാ വകുപ്പ് സെക്രട്ടറി കൺവീനറായും മുൻ അംബാസിഡർമാരും നിയമജ്ഞരും അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(4) പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഒരു ഓഫീസ് കോഴിക്കോട്ട് തുടങ്ങുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. വിദേശത്തേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തണമെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിൽ നിന്നും അനുമതി ലഭിക്കേണ്ടതാണ്. ഇതു കൂടാതെ പ്രസ്തുത സ്ഥലത്തെ പോലീസ് അധികാരികളെ റിക്രൂട്ട്മെന്റിനെക്കുറിച്ച് അറിയിക്കാറുണ്ട്.

(ഡി) 18-6-2004-ൽ കൂടിയ സ്റ്റേറ്റ് ലവൽ മോണിറ്ററിംഗ് കമ്മിറ്റി ഓൺ ഇല്ലീഗൽ റിക്രൂട്ട്മെന്റ് ടു ഫോറിൻ കൺട്രീസിൽ സംസ്ഥാനത്തെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്മാർ റിക്രൂട്ട്മെന്റ് നടത്താൻ അനുവാദം നല്കുമ്പോൾ അതിന്റെ വിശദ വിവരം നോർക്ക വകുപ്പിനെ അറിയിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.

(ഇ) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുവാൻ നിലവിൽത്തന്നെ നിയമമുണ്ട്. ഇവരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ പി. ഒ. ഇ. യ്ക്കും വേണ്ട നിയമ നടപടികൾ സ്വീകരിക്കുവാൻ പോലീസിനും അധികാരമുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ വിസ തട്ടിപ്പ് തടയുന്നതിനു വേണ്ടി നിരവധി നിയമ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെന്നും അതിനുള്ള വിവിധ പദ്ധതികളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പല തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിക്കുകയും അതുപോലെതന്നെ എമിഗ്രേഷൻ ചട്ടത്തിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുകയുമൊക്കെ ചെയ്തു. പക്ഷേ ഇതൊക്കെ ആണെങ്കിലും ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ വിസ തട്ടിപ്പ് നടക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ ഇതുപോലുള്ള തട്ടിപ്പുകൾ നടക്കുമ്പോൾ അതിനെതിരായി നടപടികൾ സ്വീകരിക്കുവാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരം പരിമിതമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അധികാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാന ഗവൺമെന്റിന് നേരിട്ട് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരങ്ങൾ വളരെ പരിമിതമാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് കൂടുതൽ അധികാരം ലഭ്യമാക്കി നടപടികൾ സ്വീകരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. എം. എം. ഹസ്സൻ: അതിനാണ് 1983-ലെ എമിഗ്രേഷൻസ് ആക്ട്, അത് കേന്ദ്ര ആക്ടാണ്. അതിൽ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായ അധികാരങ്ങളൊന്നും നല്കിയിട്ടില്ല. ആ ആക്ട് ഭേദഗതി ചെയ്യാൻ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നതായി കേന്ദ്ര മന്ത്രിമാർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ലേബർ മിനിസ്റ്ററെ നേരിൽ കണ്ടപ്പോഴും നമ്മൾ ആ നിർദ്ദേശം ഉന്നയിച്ചു. സംസ്ഥാന ഗവൺമെന്റിന് ഈ അധികാരം കൂടി ഇതിൽ നൽകണം. കേരളം ഏറ്റവും കൂടുതൽ വിസ തട്ടിപ്പ് നടക്കുന്ന സംസ്ഥാനമായതുകൊണ്ട് സംസ്ഥാന പോലീസിന് ഇതു സംബന്ധിച്ച് നടപടി എടുക്കുവാനുള്ള അധികാരം കൂടി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ജസ്റ്റിസ് സുകുമാരൻ ചെയർമാനായിട്ടുള്ള കമ്മിറ്റി അത് തയ്യാറാക്കി സംസ്ഥാന ഗവൺമെന്റ് പരിശോധിച്ച് ആ നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു റെക്കമെന്റേഷൻ, ശുപാർശ നമ്മൾ കേന്ദ്ര ഗവൺമെന്റിന് നൽകാൻ ഉദ്ദേശിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സംസ്ഥാനത്തിന് വെളിയിൽ പോയശേഷം വ്യാജ സർട്ടിഫിക്കറ്റുകളാണെന്നു കണ്ടുപിടിക്കപ്പെട്ട ആയിരക്കണക്കിന് ആളുകൾ യു.എ.ഇ.യിലെ ജയിലുകളിൽ കഴിയുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഈ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്തു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യു.എ.ഇ. ഗവൺമെന്റ് ആവശ്യപ്പെട്ടത്. ഇന്ന് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനായിട്ട് നൂറു കണക്കിന് ആളുകൾ ഡൽഹിയിൽ പോയി കഷ്ടപ്പാടും ദുരിതവും അനുഭവിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ച് അറ്റസ്റ്റേഷൻ തിരുവനന്തപുരത്ത് തുടങ്ങിയിട്ടുണ്ട്. പക്ഷേ ഇന്ന് 2005 ജനുവരി വരെയുള്ള അപേക്ഷകൾ പെന്റിംഗാണ്. അറ്റസ്റ്റേഷനു വേണ്ടി 150 പേരെ മാത്രമേ ഒരു ദിവസം പരിഗണിക്കുന്നുള്ളൂ. ഈ കാര്യത്തിൽ 150 പേർ എന്നുള്ളതിനു പകരം 500 പേരുടെ എങ്കിലും സർട്ടിഫിക്കറ്റുകൾ ദിവസവും അറ്റസ്റ്റ് ചെയ്യാനായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഇന്നിപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ എച്ച്.ആർ.ഡി. യുടെ ഉദ്യോഗസ്ഥന്മാർ വന്നിട്ടാണ് ഈ നടപടി സ്വീകരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിനെ ചുമതലപ്പെടുത്തി കൂടുതൽ ഉദ്യോഗസ്ഥന്മാരെ ആ കാര്യത്തിൽ നിയോഗിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട ടി. കെ. ബാലൻ ഇതേ വിഷയത്തെക്കുറിച്ച് ഇന്ന് കാളിംഗ് അറ്റൻഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ആ സമയത്ത് അതേക്കുറിച്ച് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റോഷി അഗസ്റ്റിൻ: റിക്രൂട്ടിംഗ് ഏജൻസികളെക്കുറിച്ച് അന്വേഷിക്കുന്നതിന് ചില നടപടികൾ നിലവിലുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ലൈസൻസ് ഇല്ലാത്ത ഈ റിക്രൂട്ടിംഗ് ഏജൻസികൾ പത്ര മാധ്യമങ്ങളിൽക്കൂടിയാണ് ആൾക്കാരെ സ്വാധീനിക്കാറുള്ളത്. ഇത് കേരളത്തിനു വെളിയിലും നടക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കാനും അത് കണ്ടെത്തുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈസൻസുള്ള ഏതെങ്കിലും റിക്രൂട്ടിംഗ് ഏജന്റിന്റെ ലൈസൻസ് നമ്പർ സഹിതമാണ് പത്രപരസ്യങ്ങൾ നൽകുന്നത്. കഴിഞ്ഞ തവണ കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി എല്ലാ പത്ര മാധ്യമങ്ങളേയും ദൃശ്യ രാധ്യമങ്ങളേയും ഈ വിവരം ഡി.പി.ആർ. മുഖാന്തിരം അറിയിക്കാനും ലൈസൻസ് ഉള്ള യഥാർത്ഥ man power ഏജന്റിന്റെ റിക്രൂട്ട്മെന്റാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ ആ പരസ്യം പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും നൽകാവൂവെന്നും അല്ലെങ്കിൽ അതിൻമേൽ നടപടികളെടുക്കുവാൻ നിർബന്ധിതമാകുമെന്നും അവർക്ക് മുന്നറിയിപ്പ് നൽകാൻ പബ്ളിക് റിലേഷൻസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: വിദേശത്ത് നേഴ്സുമാർക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാകുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ഇംഗ്ലണ്ട്, അമേരിക്ക പോലുള്ള വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കണമെങ്കിൽ ചില യോഗ്യതാ പരീക്ഷകൾ പാസ്സാകേണ്ടതുമുണ്ട്. സി.ജി.എഫ്.എൻ.എസ്. പോലുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനു വേണ്ടി കേരളത്തിൽ ധാരാളം പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പരിശീലന കേന്ദ്രങ്ങൾ ഒരു പരിധി വരെ ആവശ്യമാണ്. പക്ഷേ ഇതിനെ സംബന്ധിച്ച് ഒരു സുതാര്യത വേണം. മാനദണ്ഡങ്ങളുടേയും മെറിറ്റിന്റേയും അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയോ ലൈസൻസ് കൊടുക്കുകയോ ചെയ്യണമെന്ന ഒരു നടപടിക്രമം ആരംഭിച്ചാൽ അതിൽക്കൂടി നടക്കുന്ന ചില റിക്രൂട്ട്മെന്റ് സിന് ഇന്ന് ഇരയാകുന്ന ധാരാളം കുട്ടികളെ സംരക്ഷിക്കുവാനാകും. അതുകൊണ്ട് ഇതിന്റെ മെറിറ്റ് നിശ്ചയിച്ച് ഈ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും അംഗീകാരം കൊടുക്കുന്നതിനും ഗവൺമെന്റ് നിലപാട് സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള കാര്യമാണ്. സി.ജി.എഫ്.എൻ.എസ്. പോലെ അമേരിക്കയിൽ നഴ്സിംഗ് സീറ്റ് കിട്ടുന്നതിന് അർഹത നേടേണ്ടതുൾപ്പെടെയുള്ള പരീക്ഷകൾക്ക് കേരളത്തിൽ ധാരാളം ട്രെയിനിംഗ് സെന്ററുകൾ സ്വകാര്യ വ്യക്തികൾ ആരംഭിക്കുകയാണ്. പക്ഷേ ആ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്താനും അവർ അമിതമായ ഫീസ് ഈടാക്കി തൊഴിലന്വേഷകരെ ബുദ്ധിമുട്ടിക്കാതിരിക്കുവാനും നിയന്ത്രണം ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിച്ച് അതിനാവശ്യമായ നിയന്ത്രണം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly